**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5162** **21-03-2025 - ൽ മറുപടിയ്ക്ക്**

**നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ പാലക്കാട് ജില്ലയിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിയ പദ്ധതികൾക്ക് അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ പാലക്കാട് ജില്ലയിൽ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിയ പദ്ധതികൾക്കായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ നിർവ്വഹണ ഏജൻസികൾക്ക് യഥാക്രമം 7546.81 ലക്ഷം രൂപ, 194.38 ലക്ഷം രൂപ, 1262.79 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത കാലയളവിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | നബാർഡ് ധനസഹായത്തോടെ ആലത്തൂർ മണ്ഡലത്തിൽ ഏതെങ്കിലും പദ്ധതികൾ പുരോഗമിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | നബാർഡ് ആർ.ഐ.ഡി.എഫ് XXX സ്കീമിൽ ആലത്തൂർ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ നിർമ്മാണത്തിനായി 142.68 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | RIDF ട്രാഞ്ചെ | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | നിർവ്വഹണ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|
| 1 | XXV | പിട്ടുകാരിക്കുളമ്പ് നീർത്തടം, കിഴക്കഞ്ചേരി | 49.10 | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് | 48.9 ലക്ഷം രൂപ ചെലവഴിച്ചു പദ്ധതി പൂർത്തീകരിച്ചു |
| 2 | XXVI | പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്കിന് കീഴിലുള്ള പ്രകൃതി സംയോജിത കാർഷിക പുനരുജ്ജീവന (NIRA) പദ്ധതിയിൽ ആലത്തൂർ, കിഴക്കഞ്ചേരി, എരിമയൂർ പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളിലെ കാർഷിക ഉല്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ | 1923 | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് | പദ്ധതി പൂർത്തീകരിച്ചു |
| 3 | XXVI | പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജക മണ്ഡലത്തിന് കീഴിലുള്ള വിവിധ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ | 1000 | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് | പദ്ധതി പൂർത്തീകരിച്ചു |

സെക്ഷൻ ഓഫീസർ